കേരളീയം, കൊക്കാലെ, തൃശൂർ-680021
e-mail: mailkeraleeyam@gmail.com, 0487 2421385

## മാവോയിസ്റ്റ് വേട്ടയ്ക്ക് ആദിവാസികളെ കുരുതി കൊടുക്കരുത്

**വനമേഖലയിലെ** മാവോയിസ്റ്റ് വിരുദ്ധ വേട്ടയ്ക്ക് വേണ്ടി ആദിവാസികളെ കുരുതികൊടുക്കാനുള്ള സർക്കാർ നീക്കം ഉപേക്ഷിക്കണമെന്ന് ആദിവാസി ഗോത്രമഹാസഭയും മറ്റ് നിരവധി ആദിവാസി സംഘടനകളും ആവശ്യപ്പെട്ടിരിക്കുകയാണ്. കേരളത്തിലെ മാവോയിസ്റ്റ് സാന്നിദ്ധ്യത്തെക്കുറിച്ച് നിരവധി കഥകൾ പുറത്തു വരുന്നുണ്ട്. അതിന്റെ ശരിതെറ്റുകളെക്കുറിച്ചുള്ള വിവാദത്തിൽ ആദിവാസികൾക്ക് പങ്കില്ല. പക്ഷെ, മാവോയിസ്റ്റ് വിരുദ്ധ വേട്ടയ്ക്ക് വേണ്ടി ആദിവാസികളെ ദിവസക്കൂലിക്കാരായി നിയോഗിക്കണമെന്ന ആഭ്യന്തര വകുപ്പിന്റെ തീരുമാനം നിഗൂഢമായ ചില ലക്ഷ്യങ്ങൾ മുൻനിർത്തിയാണെന്നാണ് ആദിവാസി സംഘടനകൾ കരുതുന്നത്. സുപ്രീംകോടതി ഇടപെട്ട് നിരോധിച്ച സാൽവോജുദും സംഘടനയുടെ ആവർത്തനത്തിനാണ് ആഭ്യന്തര വകുപ്പ് ശ്രമിക്കുന്നതെന്നും, മാവോയിസ്റ്റ് വിരുദ്ധ വേട്ടകളുടെ പേരിൽ കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന കോടികളുടെ ഫണ്ട് തട്ടിയെടുക്കുക എന്ന ലക്ഷ്യവും ഇതിന്റെ പിന്നിലുണ്ടെന്നും സംശയിക്കുന്നുണ്ട്. ആദിവാസി യുവാക്കൾക്ക് 500 രൂപ ദിവസക്കൂലി നൽകി ഗാർഡുകളായി നിയമിക്കുമെന്നതാണ് സർക്കാർ പദ്ധതി.

നിരായുധരും പട്ടിണിപ്പാവങ്ങളുമായ ഇവർ ആയുധധാരികളും സംഘടിതരുമായ പോലീസിന്റെയും മാവോയിസ്റ്റുകളുടെയും ഇടയിൽപെട്ടാൽ ആദ്യം കൊല്ലപ്പെടുന്നത് ആദിവാസികളാകാം. ഇതോടെ ആദിവാസി ഊരുകൾ മുഴുവൻ അശാന്തിയും ഭീതിയും പടരും എന്ന് മാത്രമല്ല, അവർ ഭൂമിയും കുടികളും വിട്ട് പലായനം ചെയ്യാനോ പോലീസിന്റെയും മാവോയിസ്റ്റുകളുടെയും തടവറയിൽ കഴിയുന്നവരോ ആയിമാറും. അതിനാൽ സാൽവാജുദും മാതൃകയിലുള്ള ഈ സംരംഭത്തിൽ നിന്നും സർക്കാർ പിൻമാറണമെന്ന ആവശ്യം പൗരസമൂഹം ശക്തമായി ഉന്നയിക്കണം.

**എം. ഗീതാനന്ദൻ**

## കണ്ടത് പറഞ്ഞാൽ...

**ഡേവിസ് വളർക്കാവ്** എഴുതുന്ന പംക്തി

# പച്ചയ്ക്കുപറഞ്ഞാൽ

**തുറന്നു** പറയുന്നതിനെ, മറയില്ലാതെ പറയുന്നതിനെ പച്ചക്കുപറഞ്ഞാൽ... എന്നുപറയും. കൂട്ടത്തിൽ മുട്ടൻ തെറിയേയും ഇങ്ങനെ പറയാറുണ്ട്. നമ്മുടെ ആശയവിനിമയത്തിൽ, ഭാഷയിൽ ഈ പച്ചപ്പ് കുറവാണ്. ഉള്ളത് തെറ്റിദ്ധരിപ്പിക്കുന്നതും. പരിസ്ഥിതി അഥവാ പ്രകൃതിയെ കുറിച്ച് പറയാൻ വാക്കുകൾ, ആശയങ്ങൾ, പുതിയ കാഴ്ചകൾ നാം കണ്ടെത്തണം. അല്ലങ്കിൽ ന്യൂനതകളിൽ, വക്രീകരണങ്ങളിൽ വീണുപോകും.

പരിസ്ഥിതി പ്രവർത്തകർക്ക് വളരെ ഇഷ്ടപ്പെട്ട ഒരു പുസ്തകമാണ് 'ദ മേൻ ഹു പ്ലാൻഡ് ഹോപ്പ് ആന്റ് ഗ്രോ ഹാപ്പിനസ്.' അതിന് മലയാളത്തിലിട്ട പേര് 'മരങ്ങൾ നട്ട മനുഷ്യൻ' എന്നാണ്. വിത്തുകളും ചെടികളും കമ്പുകളും നടാനല്ലാതെ മനുഷ്യർക്ക് മരം നടാൻ കഴിയില്ല. ചെടികളെ വളർത്തി മരമാക്കുന്നത് കാലവും പ്രകൃതിയുമാണ്. എന്നാൽ ഇട്ട പേരോ, മനുഷ്യരുടെ അഹന്തയെ ജ്വലിപ്പിക്കുന്ന 'മരങ്ങൾ നട്ട മനുഷ്യൻ'! ഇങ്ങനെ ഓരോ തരത്തിലും സത്യത്തിൽ നിന്നകലുന്ന ഭാഷ അപകടം വരുത്തും. അതിനാൽ ഭാഷയിൽ നാം പച്ചക്കു പറയേണ്ടിയിരിക്കുന്നു. പച്ച നുണകളല്ല, നിത്യഹരിത സത്യങ്ങൾ, പച്ചസത്യങ്ങൾ ആണ് പ്രചരിപ്പിക്കേണ്ടത്. പ്രകൃതി എന്നതിനുപകരം പരിസ്ഥിതി, എൺവയൺമെന്റ്, ഇക്കോളജി എന്നൊക്കെ ഉപയോഗിക്കുമ്പോൾ നാം പ്രകൃതിയിൽ നിന്ന് പുറത്താണെന്ന ധ്വനി വരും. മനുഷ്യരും പ്രകൃതിയും വേറെ വേറെയല്ലെന്ന് തിരിച്ചറിയുന്ന ഒരു വാക്ക് ആവശ്യമായി വരും. കടലും ജലവും തിരയും മത്സ്യവും പോലെയുള്ള പാരസ്പര്യമുള്ളതാണ് പ്രകൃതിയും മണ്ണും മനുഷ്യരുമെന്ന ധ്വനി എൺവെയൺമെന്റിനും പരിസ്ഥിതിക്കും ഇക്കോളജിക്കും സൃഷ്ടിക്കാനാവുമോ? അതിന് പുതിയ പച്ച വാക്കുകൾ ആവശ്യമാണ്. പരിസ്ഥിതി പ്രവർത്തകർ എന്ന പേരിൽ അറിയപ്പെടുന്നവർക്ക് ഇക്കാര്യത്തിൽ ചിലത് ചെയ്യാനുണ്ട്.

ജൂൺ 5ന് ലോകപരിസ്ഥിതി ദിനത്തിന് നാമെല്ലാവരും പരിസ്ഥിതി പ്രവർത്തകരാകും. അന്നത്തെ വാർത്തകൾ കണ്ടാൽ കേരളത്തിന്റെ ഹരിതകം രക്ഷപ്പെടുമെന്ന് തോന്നും. നട്ട കുഴിയിൽ തന്നെയാണ് ഈ വർഷവും വൃക്ഷത്തെ നട്ടതെന്ന് എല്ലാവർക്കും അറിയാം. അതാണ് പരിസ്ഥിതി ദിനാചരണം. പരിസ്ഥിതി പ്രവർത്തകരിൽ ധാരാളം പേർ വൃക്ഷത്തിൽ മാത്രം കേന്ദ്രീകരിക്കാറുണ്ട്. കുന്ന്, മല, കാട്, വയൽ, ജലാശയം, പുഴ, നദി, കടൽ, കാറ്റ്, ആകാശം... ഇവ പലരുടേയും പരിസ്ഥിതിയിൽ വരുന്നില്ല. മരപ്രേമം, ചെടി നടൽ, വൃക്ഷരക്ഷ ആവശ്യമാണ്. എന്നാൽ അത് മാത്രമാകുന്നില്ല പരിസ്ഥിതി. വധൂവരന്മാർക്ക് വൃക്ഷതൈ വിതരണം ചെയ്യും, കാടും പശ്ചിമഘട്ടവും സംരക്ഷിക്കാൻ ശ്രമിക്കുന്നവർക്കെതിരെ സമരവും ചെയ്യും. ഇതാണ് പുതിയ പരിസ്ഥിതിവാദം. കപടപരിസ്ഥിതിക്കാരെന്ന് പുലഭ്യം വേറെയും. ഇതിനാൽ വിശാലമായ അർത്ഥതലങ്ങൾ ധ്വനിപ്പിക്കുന്ന പദങ്ങൾ, വാക്കുകൾ നാം ബോധപൂർവ്വം കണ്ടെത്തി പ്രചരിപ്പിക്കണം. ഭാഷാപണ്ഡിതന്മാരെ, ശ്രേഷ്ഠഭാഷാവാദങ്ങളെ ആശ്രയിക്കരുത്, സാഹിത്യകാരന്മാരേയും അധികമായി ഇതിന് ആശ്രയിക്കരുത്. അന്ധവിശ്വാസത്തിന്റെ 'കൊടുംകാടുകൾ' വെട്ടിത്തെളിച്ച വീരന്മാരാണിവരിൽ അധികവും. അനാചാരത്തിന്റെ കുറ്റിക്കാടുകൾക്ക് തീയിട്ടവരും കാണും. ഇവരെ മാറ്റിനിർത്തുക. നാട്ടുമൊഴികളെ, ഹൃദയത്തിന്റെ ഭാഷ ഉള്ളവരെ ഈ യാത്രയിൽ കൂടെക്കൂട്ടാം. ഒരു ഹരിത ഭാഷ്യം നമുക്കുവേണം.